(ജി) പ്രസ്തുത കമ്പനിയുടെ മെച്ചപ്പെട്ട പ്രവർത്തനം കണക്കിലെടുത്ത് ബാക്കി സംഖ്യ പലിശരഹിത വായ്പയായി സർക്കാർ അനുവദിക്കുമോ;

(എച്ച്) കെൽട്രോൺ ഗ്രൂപ്പിൽ നിന്നുംമാറ്റി സ്വതന്ത്ര കമ്പനിയിലാക്കിയ തിനുശേഷമേ വായ്പ അനുവദിക്കാവൂ എന്ന ഇ. ആർ. സി.-യുടെ ശുപാർശ സർക്കാർ തള്ളിക്കളയുമോ?

ഉത്തരം

(എ) കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സിനെ സംബന്ധിച്ച് എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാനമെടുത്തിട്ടില്ല.

(ബി) പ്രവർത്തനം സംബന്ധിച്ച് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധനയിലാണ്.

(സി) കമ്പനിയുടെ പ്രവർത്തനം കഴിഞ്ഞ നാല് വർഷമായി നഷ്ടത്തിലാണ്. എന്നിരുന്നാലും പഴയ കടങ്ങളുടെ പലിശയും മൂല്യശോഷണവും നികുതിയും കണക്കാക്കാതിരുന്നാൽ ലാഭത്തിലാണെന്ന് പറയാം.

(ഡി) 8.02 കോടി രൂപയാണ് വായ്പയെടുത്തത്.

(ഇ) മുതലും പലിശയുമായി 183.74 കോടി രൂപ തിരിച്ചടച്ചു. ഇനി 14.60 കോടി രൂപ ബാക്കിയുണ്ട്. (31-3-2003-ലെ കണക്കനുസരിച്ച്)

(എഫ്) 1991 മുതൽക്കുണ്ടായ രൂപയുടെ മൂല്യശോഷണംമൂലം കടത്തിന്റെ മൂല്യം മൂന്നിരട്ടിയോളം വർദ്ധിച്ചു. ഇതാണ് പ്രധാന കാരണം.

(ജി) ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

(എച്ച്) കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സിനെ സംബന്ധിച്ച ഇ. ആർ. സി.-യുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാന മൊന്നുമെടുത്തിട്ടില്ല.

കെൽട്രോണിന്റെ പ്രവർത്തനം

15 [4872] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മമ്മൂട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ പ്രവർത്തനം ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തി ലാണോ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലെ എത്ര യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(സി) ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം യൂണിറ്റുകളാണ് ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇത്തരം യൂണിറ്റുകളെ ലാഭത്തിലാക്കുന്നതിന് ആവശ്യമായ കാര്യങ്ങളെന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അവ പരിഹരിച്ച് പ്രസ്തുത യൂണിറ്റുകളെ പുനഃരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—സി) കെൽട്രോണിന്റെ ഹോൾഡിംഗ് കമ്പനിയായ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും കെൽട്രോൺ സെറാമിക്സ് ഒഴികെയുള്ള മറ്റു സബ്സിഡിയറി കമ്പനികളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നിരുന്നാലും കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സ് ലിമിറ്റഡും (കണ്ണൂർ), കെൽട്രോൺ റസിസ്റ്റേഴ്സ് ലിമിറ്റഡ് (കണ്ണൂർ), കെൽട്രോൺ മാഗ്നെറ്റിക്സ് ലിമിറ്റഡ് (കണ്ണൂർ) എന്നീ കമ്പനികളും പലിശയും (പഴയ കടങ്ങളുടെ) മൂല്യശോഷണം, നികുതി എന്നിവയും കണക്കാക്കാതെയുള്ള ലാഭം ഉണ്ടാക്കുന്നു.

(ഡി, ഇ) ഇതു സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി പഠനം നടത്തുന്നുണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

സിൽക്കിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര

16 [4873] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിൽക്ക് കമ്പനിയിലെ ഏതൊക്കെ ഉദ്യോഗസ്ഥർ/ജീവനക്കാർ നാളിതുവരെ ഏതൊക്കെ വിദേശ രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ യാത്രകൾ സർക്കാർ അംഗീകാരത്തോടെയാണോ നടത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ യാത്രയും എന്ത് ആവശ്യത്തിന് വേണ്ടിയാണ് ഓരോരുത്തരും നടത്തിയതെന്നും അതിലൂടെ കമ്പനിക്ക് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ഡി) ഓരോ യാത്രയ്ക്കും ഓരോരുത്തർക്കും വേണ്ടി ചെലവായതുക എത്ര വീതമെന്നും പ്രസ്തുത ചെലവ് ആര് നൽകിയെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly